എല്ലാ വിദ്യാഭ്യാസ ജില്ലകളിലും അദാലത്തുകൾ സംഘടിപ്പിക്കുന്നതിന് നടപടി

96 (693) ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥരുടെ സർവ്വീസ് സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അദാലത്ത് സംഘടിപ്പിക്കുമോ ;

(ബി) എല്ലാ വിദ്യാഭ്യാസ ജില്ലകളിലും ഇത്തരം അദാലത്തുകൾ സംഘടിപ്പിച്ച് നിവേദനങ്ങൾക്ക് പരിഹാരം കാണുമോ ;

(സി) ഇത്തരം അദാലത്തുകളിൽ പങ്കെടുക്കുന്നതിന് മന്ത്രിമാർക്ക് സമയക്കുറവുണ്ടെങ്കിൽ പകരം ഉയർന്ന ഉദ്യോഗസ്ഥൻമാർക്ക് പങ്കെടുക്കുവാൻ അധികാരം നൽകുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥരുടെ സർവ്വീസ് സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് 2002 നവംബർ മാസം 7-ാം തീയതി സർക്കാർ തലത്തിൽ ഒരു അദാലത്ത് നടത്തുകയും തുടർന്ന് 2002 ഡിസംബർ, 2003 ജനുവരി എന്നീ മാസങ്ങളിൽ ഡയറക്ടറേറ്റ് തലത്തിലും റവന്യൂ ജില്ല, വിദ്യാഭ്യാസ ജില്ല, ഉപവിദ്യാഭ്യാസ ജില്ലാതലങ്ങളിലും ഇത്തരത്തിലുള്ള അദാലത്തുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആവശ്യമെന്നു കാണുകയാണെങ്കിൽ എല്ലാ വിദ്യാഭ്യാസ ജില്ലകളിലും അദാലത്തുകൾ സംഘടിപ്പിക്കുന്നതാണ്.

(സി) ഇത്തരം അദാലത്തുകൾ സംഘടിപ്പിക്കുമ്പോൾ ഇക്കാര്യം പരിഗണിക്കുന്നതാണ്.

ഉച്ചക്കഞ്ഞി വിതരണത്തിന് ആവശ്യമായ ഭക്ഷണപദാർത്ഥങ്ങൾ ലഭ്യമാക്കാൻ നടപടി

97 (694) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സ്കൂളുകളിലെ ഉച്ചക്കഞ്ഞി വിതരണത്തിന്റെ ഗുണഭോക്താക്കളുടെ എണ്ണം എത്രയാണ് ;

(ബി) ഉച്ചക്കഞ്ഞി വിതരണത്തിന് ആവശ്യമായ ഭക്ഷണ പദാർത്ഥങ്ങൾ ഓരോന്നും ഒരു കുട്ടിക്ക് എത്ര അളവിൽ നൽകണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly